**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1174** **09-10-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ യുവജനക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ യുവജനകാര്യ വകുപ്പും യുവജനക്ഷേമ ബോർഡും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ യുവജനകാര്യ വകുപ്പും യുവജനക്ഷേമ ബോർഡും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**<br><br>1.കേരളോത്സവം (എല്ലാ വർഷവും) ഗ്രാമ/ബ്ലോക്ക്/ ജില്ലാതലം)<br><br>2.നീന്തൽ പരിശീലനം (നിയമസഭാമണ്ഡലാടിസ്ഥാനത്തിൽ)<br><br>3.ടീം കേരള – സന്നദ്ധ സേന രൂപീകരണം - പരിശീലനം<br><br>4.എല്ലാ ഗ്രാമ പഞ്ചായത്തുകളിലും അവളിടം വനിതാ ക്ലബ്ബ്<br><br>5.ലഹരി വിരുദ്ധ ബോധവൽക്കരണം, കലാജാഥ, (എല്ലാ നിയമസഭാമണ്ഡലങ്ങളിലും<br><br>6.ശാസ്ത്ര ക്വിസ് - ഹൈസ്കൂൾ/ നിയസഭാനിയോജകമണ്ഡലം, ജില്ലാതലം<br><br>7.ട്രൈബൽ സ്പോർട്സ് - ഫുട്ബോൾ പരിശീനം (അട്ടപ്പാടിയിൽ വച്ച്)<br><br>8.കാർഷിക സെമിനാർ<br><br>9.മാധ്യമ പ്രവർത്തക ക്യാമ്പ്<br><br>10.ദിനാചരണങ്ങൾ (ദേശീയ യുവജനദിനം, പരിസ്ഥിതിദിനം, ഗാന്ധിജയന്തി)<br><br>11.മണിനാദം - നാടൻപാട്ട് മത്സരം ആലത്തൂർ ജില്ലാതല മത്സരം |

| | | | |
|---|---|---|---|
| | | | 12.യൂത്ത് അവാർഡ് - യൂത്ത് ക്ലബ്ബ്/യുവാ ക്ലബ്ബ്/ അവളിടം ക്ലബ്ബ്<br><br>13.യൂത്ത് /യുവാ ക്ലബ്ബ്/ഗ്രാന്റ് വിതരണം<br><br>14.ബ്യൂട്ടീഷ്യൻ കോഴ്സ് പരിശീലനം (ആലത്തൂർ)<br><br>15.വിവാഹപൂർവ്വ കൗൺസിലിംഗ്<br><br>**<u>കേരള സംസ്ഥാന യുവജന കമ്മീഷൻ</u>**<br><br>കേരള സംസ്ഥാന യുവജന കമ്മീഷൻ വിവിധ പദ്ധതികൾ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും സംഘടിപ്പിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ യുവജന കമ്മീഷൻ വഴി എല്ലാവർഷവും ജില്ലാതല അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം ('യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ') എന്ന പദ്ധതിയിലൂടെ പാലക്കാട് ഉൾപ്പെടെയുള്ള ജില്ലകളിലെ സാമ്പത്തികവും സാമൂഹികവുമായി ഏറെ പിന്നോക്കം നിൽക്കുന്ന യുവജനങ്ങൾക്ക് കമ്മീഷൻ 1800 123 5310 എന്ന ടോൾഫ്രീ നമ്പർ മുഖേന നിയമ സഹായം നൽകിവരുന്നു. കൂടാതെ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ യുവാക്കൾക്കുള്ള ബോധവത്കരണ പദ്ധതിയുടെ ഭാഗമായി വിവിധ വിഷയങ്ങളിൽ ബോധവത്കരണ പരിപാടികളും, യുവജങ്ങൾക്കുള്ള ഫെസിലിറ്റേഷൻ പ്രോഗ്രാം പദ്ധതിയുടെ ഭാഗമായ ഗ്രീൻ യൂത്ത് പദ്ധതി വഴി യുവാക്കൾക്കായി വിവിധതരം കൃഷികൾ നടപ്പിലാക്കുന്ന പദ്ധതിയും, പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ ക്യാമ്പ് ആയോധനകലാ പരിശീലനം പദ്ധതിയുടെ ഭാഗമായി ആരോഗ്യ ക്യാമ്പും ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ യുവജന കമ്മീഷൻ വഴി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ആലത്തൂർ മണ്ഡലത്തിൽ യുവജനകാര്യ വകുപ്പും യുവജനക്ഷേമ ബോർഡും നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ആലത്തൂർ മണ്ഡലത്തിൽ യുവജനകാര്യ വകുപ്പും യുവജനക്ഷേമ ബോർഡും നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.കേരളോത്സവം (എല്ലാ വർഷവും) ഗ്രാമ/ബ്ലോക്ക്/ ജില്ലാതലം)<br><br>2.നീന്തൽ പരിശീലനം (നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ) |

| | | | |
|---|---|---|---|
| | | | 3.ടീം കേരള – സന്നദ്ധസേന രൂപീകരണം - പരിശീലനം<br>4.എല്ലാ ഗ്രാമ പഞ്ചായത്തുകളിലും അവളിടം വനിതാ ക്ലബ്<br>5.ലഹരി വിരുദ്ധ ബോധവൽക്കരണം, കലാജാഥ<br>6.ശാസ്ത്ര ക്വിസ് - ഹൈസ്കൂൾ/നിയോജകമണ്ഡലം, ജില്ലാതലം<br>7.മണിനാദം - നാടൻപാട്ട് മത്സരം ആലത്തൂർ ജില്ലാതല മത്സരം<br>8.യൂത്ത് അവാർഡ് - യൂത്ത് ക്ലബ്ബ്/യുവാ ക്ലബ്ബ്/ അവളിടം ക്ലബ്ബ്<br>9.യൂത്ത്/യുവാ ക്ലബ്ബ്/ഗ്രാന്റ് വിതരണം<br>10.ബ്യൂട്ടീഷ്യൻ കോഴ്സ് പരിശീലനം<br>11.വിവാഹപൂർവ്വ കൗൺസിലിംഗ് |

സെക്ഷൻ ഓഫീസർ